"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ കയിലിയാട് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. സുനിത പി. കെ. ഫയൽ ചെയ്ത WP(C) No. 38925/2025 - ലെ ബഹു. ഹൈക്കോടതിയുടെ 23/10/2025 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4533/2026/GEDN** തീയതി, തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. ശ്രീമതി. സുനിത പി. കെ., എൽ.പി.എസ്.ടി., എ.എൽ.പി. സ്കൂൾ, കയിലിയാട് സമർപ്പിച്ച 06/10/2025 തീയതിയിലെ പുന:പരിശോധന ഹർജി (എക്സിബിറ്റ് പി10).
2. WP(C) No. 38925/2025 -ലെ ബഹു. കേരള ഹൈക്കോടതിയുടെ 23/10/2025 തീയതിയിലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/01/2026 തീയതിയിലെ DGE/17780/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കയിലിയാട് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. സുനിത പി. കെ. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 38925/2025-ലെ പരാമർശം (2) വിധിന്യായത്തിൽ ടിയാൾ സർക്കാർ മുൻപാകെ സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർജി പരിഗണിക്കുന്നതിനും മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരിക്കുന്നു.

**2. പുന:പരിശോധന ഹർജിയിലെ ആവശ്യം ചുവടെപ്പറയും വിധമാണ് :**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കയിലിയാട് എ.എൽ.പി. സ്കൂളിലെ ശ്രീമതി. സുനിത പി.കെ. യുടെ 13/07/2022 മുതലുള്ള എൽ.പി.എസ്.ടി. നിയമനം നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) 11/07/2024 തീയതിയിൽ ഉത്തരവായിരുന്നുവെങ്കിലും ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകിയിട്ടില്ല എന്നും 13/07/2022 മുതൽ 30/09/2022 വരെയുള്ള നിയമനം താത്കാലികമായി അംഗീകരിച്ചിട്ടുള്ളതിനാലും മാനേജരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 01/10/2022

മുതൽ വ്യവസ്ഥാപിത ഒഴിവിലെ നിയമനം അംഗീകരിക്കാവുന്നതാണെന്നും അതു കൊണ്ട് 01/10/2022 മുതലുള്ള കയിലിയാട് എ.എൽ.പി. സ്കൂളിലെ ശ്രീമതി. സുനിത പി.കെ. യുടെ എൽ.പി.എസ്.ടി. നിയമനം അംഗീകരിക്കുന്നതിന് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നുമാണ് ശ്രീമതി. സുനിത പി. കെ.യുടെ പരാമർശം (1) ഹർജിയിലെ ആവശ്യം.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും വിധമാണ് :

കയിലിയാട് എ.എൽ.പി സ്കൂളിൽ 2022-23 വർഷത്തിലെ അധിക എൽ.പി.എസ്.ടി. തസ്തികയിൽ ശ്രീമതി. സുനിത.പി.കെ യെ 13/07/2022 മുതൽ എൽ.പി എസ്.ടി ആയി നിയമിച്ചത് അധിക തസ്തികകളിലെ നിയമനങ്ങളിൽ 1:1 അനുപാതം പാലിക്കേണ്ടതാണ്, ഭിന്നശേഷി സംവരണ തത്വം പാലിക്കപ്പെട്ടിട്ടില്ല, നിയമന ഉത്തരവിൽ ഏതു വർഷത്തെ അധിക തസ്തികയിലാണ് നിയമനം എന്ന് കാണിച്ചിട്ടില്ല എന്നീ പ്രധാനകാരണങ്ങളാൽ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചിരുന്നു. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിരുന്ന അപ്പീലും ചുവടെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരുന്നു.

എ) നിയമന ഉത്തരവിൽ ഏതു വർഷത്തെ അധിക തസ്തികയിലാണ് നിയമനം എന്ന് കാണിച്ചിട്ടില്ലാത്തത് 2019-20 ലെ അധിക തസ്തികയിൽ ആണ് എന്ന് മാനേജർ അപ്പീലിൽ പറയുന്നുണ്ട്. അധിക തസ്തികയിൽ 1:1 അനുപാതം പാലിക്കേപ്പെടേണ്ടതില്ല എന്ന മാനേജരുടെ അപ്പീലിലെ വാദം ശരിയല്ല. നിലനിൽക്കുന്ന കെഇആർ ചട്ടങ്ങൾ പ്രകാരം, അധിക തസ്തികകളിലെ നിയമനങ്ങളിൽ 1:1 അനുപാതം പാലിക്കേണ്ടതുണ്ട്. 2019-20 വരെയുള്ള, അധിക തസ്തികയിലെ നിയമനങ്ങൾക്ക് താൽക്കാലിക ഇളവ് മാത്രമാണ് നില നിൽക്കുന്നത്.

ബി) നിലവിൽ ഭിന്നശേഷി സംവരണത്തിനായി റോസ്റ്റർ തയ്യാറാക്കി ഒഴിവ് റിപ്പോർട്ട് ചെയ്യുകയും കൈപ്പറ്റ രസീത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഭിന്നശേഷി സംവരണത്തിനായി മാറ്റി വച്ച എൽ പി എസ് ടി ഒഴിവ് എന്ന് നിലവിൽ വന്നു, ഒഴിവിൻറെ തരം, 1:1 അനുപാതം പ്രകാരം മാനേജർക്ക് അവകാശപ്പെട്ട തസ്തികയാണോ എന്നിവ മാനേജർ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ സമർപ്പിച്ച റോസ്റ്റർ പരിഗണിക്കാനോ ഭിന്നശേഷി സംവരണം പാലിക്കാനോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

മാനേജർ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി റോസ്റ്റർ ഡാറ്റ നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സുനിത. പി.കെ. യുടെ നിയമന ഫയൽ 20/10/2023 ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും റീ ഓപ്പൺ ചെയ്തു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22/ 07/ 2023 തിയതിയിലെ ഡിജിഇ/8784/2023-H2 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അദ്ധ്യാപകരെ സ്കൂൾ ഉറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിന്റെ കൂടി പശ്ചാത്തലത്തിൽ, 2022-23 അധ്യയന വർഷത്തിൽ നിലവിൽ വന്ന അധിക എൽ.പി.എസ്.ടി. തസ്തികയിലെ ശ്രീമതി സുനിത പി. കെ. യുടെ നിയമനം 13/07/2022 മുതൽ 30/09/2022 വരെ താൽകാലികമായി

ദിവസവേതന അടിസ്ഥാനത്തിൽ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/06/2024 തീയതിയിലെ B/56365/23 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

തുടർന്ന് മാനേജർ 01/10/2022 മുതൽ 2023-24 വർഷം വരെയും നിയമനം അംഗീകരിക്കാനാവശ്യപ്പെട്ട് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചു. എന്നാൽ, അധിക തസ്തികകളിലെ സ്ഥിര നിയമനം 1:1 അനുപാതത്തിൽ തസ്തിക വിട്ടുകൊടുത്ത് മാത്രമേ നിലവിൽ അംഗീകരിക്കാൻ കഴിയൂ എന്നതിനാലും കൂടാതെ അധിക തസ്തികയിലേക്ക് നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്നതിന് അനുമതിക്കായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു എങ്കിലും അനുമതി ലഭിച്ചതായി കാണുന്നില്ല എന്നീ കാരണങ്ങളാലും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ മാനേജരുടെ അപ്പീൽ നിരസിക്കുകയാണുണ്ടായത്. ടി ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിക്കുകയും, ആയത് ജി1/240737/23 തീയതി 11/07/2024 തീയതി ഉത്തരവ് പ്രകാരം, ശ്രീമതി. സുനിത.പി.കെ. യുടെ 2022-2023 വർഷത്തെ അധിക എൽ.പി.എസ്.ടി തസ്തികയിലെ 13/07/2022 തീയതി മുതലുള്ള നിയമനം ശ്രീമതി. സുനിത പി.കെ. ക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെങ്കിൽ ടി വ്യവസ്ഥാപിത തസ്തികയിൽ ടിയാളെ മാനേജർ നിയമിച്ച് പ്രൊപ്പോസൽ പുനഃസമർപ്പിക്കുന്ന മുറക്ക്, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ വ്യവസ്ഥകൾ പാലിച്ച് പുനഃപരിശോധിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു.

ടി സ്കൂളിൽ, 2017-18 വർഷത്തെ അധിക തസ്തികയിൽ ശ്രീമതി. ലിജി എം. എന്ന അധ്യാപികയെ നിയമിച്ചിരുന്നു. അവരെ 06/06/2019 മുതൽ പ്രമോഷൻ മൂലം ഉണ്ടായ തസ്തികയിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. 06/06/2019 മുതൽ ഉള്ള പ്രസ്തുത അധിക തസ്തിക 2023-2024 വർഷവും തുടരുന്നുണ്ട്. ഈ തസ്തികയിൽ ഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ട ശ്രീമതി. കൃഷ്ണപ്രിയയെ 06/03/2024 മുതൽ നിയമിച്ചത് അംഗീകരിച്ചിട്ടുണ്ട്. 01/05/2021 ന് ശ്രീമതി. ബീന പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി. സുധിലയെ 26/07/2021 മുതലും നിയമിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ചിട്ടുമുണ്ട്. ശ്രീമതി. സുനിത പി.കെ. 2022-2023 അധ്യയന വർഷം മുഴുവൻ ജോലി ചെയ്തിട്ടുണ്ട്. 01/10/2022 മുതൽ അധിക തസ്തിക പ്രാബല്യത്തിൽ വരുന്നതിനാൽ പ്രസ്തുത തസ്തികയിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നതിനാൽ 13/07/2022 മുതൽ 30/09/2022 വരെയാണ് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ച് നൽകിയിട്ടുള്ളതായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

എയ്ഡഡ് വിദ്യാലയത്തിലെ ഒഴിവിൽ സംരക്ഷിത അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ ദിവസ വേതന നിയമനം അംഗീകരിക്കുന്നതിന് പ്രത്യേകം ഉത്തരവ് അതത് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും ആവശ്യമാണ്. കയിലിയാട് എ.എൽ.പി സ്കൂളിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 2022-2023 ലെ അധിക തസ്തികയിൽ സംരക്ഷിത അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വർഷം എയിഡഡ് സ്കൂളുകളിൽ ദിവസവേതന നിയമനം നടത്താൻ അനുവദിക്കുന്നതിനുള്ള ഉത്തരവ് ലഭ്യമായിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/07/2024-ലെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം മാനേജർ

ശ്രീമതി. സുനിത.പി.കെ. യെ മാറ്റി നിയമിച്ച പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ ഇത് വരെ സമർപ്പിച്ചിട്ടുമില്ല. പ്രസ്തുത സാഹചര്യത്തിലാണ് കയിലിയാട് എ.എൽ.പി സ്കൂളിലെ 01/10/2022 മുതൽ പ്രാബല്യത്തിൽ വന്ന അധിക എൽ.പി.എസ്.ടി തസ്തികയിൽ നിയമിതയായ ശ്രീമതി. സുനിത പി.കെ. യുടെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം നിരസിക്കുവാനുള്ള സാഹചര്യം വന്നത്.

2022-23 വർഷം അനുവദിച്ച എൽ.പി.എസ്.റ്റി. തസ്തികയിൽ സംരക്ഷിതാധ്യാപകരെ ആവശ്യപ്പെട്ടു കൊണ്ടോ, ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ടോ മാനേജർ നേരിട്ടോ ഷൊർണ്ണൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേനയോ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല.

ഓരോ അധ്യയന വർഷത്തെയും തസ്തിക അധിക തസ്തിക ആണോ എന്ന് തീരുമാനിക്കപ്പെടുന്നത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ച നൽകുമ്പോൾ മാത്രമാണ്. അപ്രകാരം, അധിക തസ്തിക അനുവദിക്കുമ്പോൾ ആണ് ആ തസ്തിക മാനേജർക്ക് അവകാശപ്പെട്ടതാണോ മറിച്ച സംരക്ഷിത അധ്യാപക നിയമനത്തിന് വിട്ടു നൽകേണ്ടതാണോ എന്ന് തീരുമാനിക്കപ്പെടുന്നത്. ഇവിടെ ഉണ്ടായിട്ടുള്ള അധിക തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിന് വിട്ടു നൽകേണ്ടത് ആണ്. മാനേജർ അപ്രകാരം വിട്ടു നല്കുകയുണ്ടായിട്ടില്ല. ആയതിനാൽ തസ്തിക നിർണയത്തിൽ അധിക തസ്തിക അനുവദിച്ച തീയതിയുടെ തലേ ദിവസം വരെ ദിവസ വേതനം അനുവദനീയമാണെന്നു അഭിപ്രായപ്പെടുന്നു.

4. ഹർജിയിലെ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, കെ.ഇ.ആർ. ചട്ടങ്ങൾ, നിലവിലെ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ.ഇ.ആർ. അധ്യായം XXI, ചട്ടം 7 (1), 7 (2), 7 (3) (a), 7 (3) (b), 7(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള തസ്തികകളിൽ മാനേജർമാർ അധ്യാപക ബാങ്കിൽ നിന്നല്ലാതെ നിയമനം നടത്തുവാൻ പാടില്ലാത്തതാണ്. ചട്ടപ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാനേജർ ഒഴിവ് മാറ്റി വയ്ക്കുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും ചെയ്താൽ അപ്രകാരം നിയമനം ലഭിക്കുന്നവർക്ക് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ എന്ന് ചട്ടം 7(5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാനേജർ നിയമാനുസൃതം തസ്തിക മാറ്റി വച്ചിട്ടും, സംരക്ഷിതാധ്യാപകരെ ലഭിക്കാത്തതിനാൽ മറ്റ് റഗുലർ തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് ചട്ടം 7(5) ലെ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ നിയമനാംഗീകാരം നൽകാൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനായി 18/07/2023 തീയതിയിലെ സ.ഉ. (കൈ) നം.101/2023/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഇളവ് നൽകിയിട്ടുമുണ്ട്. ടി ഉത്തരവ് പ്രകാരം, അധിക തസ്തിക അനുവദിച്ച് സർക്കാർ തലത്തിൽ ഉത്തരവാകുന്ന ഘട്ടത്തിൽ തന്നെ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ചട്ടം പാലിച്ച് സർക്കാരിലേക്ക് തസ്തിക വിട്ടു നൽകുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ നടത്തിയ നിയമനങ്ങളാണ് നിയമന തീയതി മുതൽ തന്നെ

അംഗീകരിക്കാവുന്നത്. ഈ കേസിൽ 01/10/2022 ൽ സർക്കാർ തലത്തിൽ അനുവദിച്ച അധിക തസ്തിക 1:1 റേഷ്യോ പാലിച്ച് സംരക്ഷിതാധ്യാപക നിയമനത്തിനായി ചട്ടപ്രകാരം സർക്കാരിലേക്ക് വിട്ടുനൽകാതെ നിയമ വിരുദ്ധമായി മാനേജർ പുതിയ നിയമനം നടത്തിയിരിക്കുകയാണ്. ആയത് മേൽപ്പറഞ്ഞ ചട്ടത്തിനും നിലവിലെ സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണ്.

5 . മേൽ സാഹചര്യത്തിൽ, എ.എൽ.പി. സ്കൂൾ, കയിലിയാടിൽ 2022-23 അധ്യയന വർഷം അധിക എൽ.പി.എസ്.ടി. തസ്തികയിലെ ശ്രീമതി. സുനിത പി.കെ. യുടെ നിയമനം തസ്തിക നിർണയത്തിൽ അധിക തസ്തിക അനുവദിച്ച കൊണ്ടുള്ള ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് തീയതിയുടെ തലേദിവസം വരെ ദിവസ വേതന അടിസ്ഥാനത്തിൽ അംഗീകരിച്ച കൊണ്ടും, 2022-23 വർഷത്തെ അധിക തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിന് വിട്ടു നൽകേണ്ടതായതിനാൽ 01/10/2022 മുതൽ പ്രസ്തുത നിയമനം അംഗീകരിക്കണമെന്നുള്ള പരാമർശം (1) പുന:പരിശോധന ഹർജിയിലെ (എക്സിബിറ്റ് പി10) ആവശ്യം നിരസിച്ച കൊണ്ടും, അപ്രകാരം WP(C) No. 38925/2025 റിട്ട് ഹർജിയിലെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം - 695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് - 678 101.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട് - 679 122.
മാനേജർ, എ.എൽ.പി. സ്കൂൾ, കയിലിയാട്, പാലക്കാട് - 679 122.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/72/2026-G.EDN, തീയതി 01/06/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/223/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by Ragasmitha V M
Date: 08-07-2026 18:51:20
സെക്ഷൻ ഓഫീസർ